**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 248** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധ വാക്സിനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഭ്യമായ കോവിഡ് പ്രതിരോധ വാക്സിനുകൾ ഏതെല്ലാമെന്നും അവയുടെ വില എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ലഭ്യമായ കോവിഡ് പ്രതിരോധ വാക്സിനുകൾ കോവിഷീൽഡ്, കോവാക്സിൻ, സ്പുട്നിക് എന്നിവയാണ്. ഇവയിൽ കോവിഷീൽഡ്, കോവാക്സിൻ എന്നിവ സർക്കാർ കേന്ദ്രങ്ങളിൽ നിന്ന് സൗജന്യമായിട്ടാണ് നൽകി വരുന്നത്. സ്വകാര്യ വാക്സിനേഷൻ കേന്ദ്രങ്ങൾ വഴി നൽകുന്ന കോവിഡ് വാക്സിനുകളുടെ വില വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വാക്സിനുകൾ സംസ്ഥാനത്ത് എത്ര പേർക്ക്എത്ര ഡോസ് വീതം ഉപയോഗിച്ചുവെന്നും ഇനിയും രണ്ടു ഡോസ് എടുക്കാനുള്ളവർ എത്രയെന്നും ഒന്നാം ഡോസ് എടുത്തവർ എത്രയെന്നും വിശദമാക്കാമോ ; | (ബി) | 20/02/2022 വരെ നൽകിയ വിവിധതരം വാക്സിൻ ഡോസുകൾ സംബന്ധിച്ചും രണ്ടാം ഡോസ് എടുക്കാനുള്ളവർ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | വാക്സിനേഷൻ എടുത്തവരുടെ കണക്കിൽ കേരള സംസ്ഥാനം എത്രാമത്തെ സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ; | (സി) | ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തിയുള്ള സംസ്ഥാനത്തിന്റെ വാക്സിനേഷൻ കവറേജ് അനുബന്ധം - 3 ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഒന്ന്, രണ്ട്, മൂന്ന് തരംഗങ്ങളിൽ ഓരോന്നിലും എത്ര പേർക്ക് രോഗം പിടിപെട്ടുവെന്നും ഇതിൽ നിന്നും രക്ഷപ്പെടാൻ ബൂസ്റ്റർ ഡോസ് (മൂന്നാം ഡോസ്) എന്ത് മാനദണ്ഡ പ്രകാരം നല്കി വരുന്നുവെന്നും എത്രപേർക്ക് ലഭിച്ചുവെന്നും വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്ത് ഒന്ന്, രണ്ട്, മൂന്ന് തരംഗങ്ങളിലായി കോവിഡ് രോഗബാധിതരായവരുടെ എണ്ണം ചുവടെ ചേർക്കുന്നു. ഒന്നാം തരംഗം (30/01/2020 മുതൽ 31/03/2021 വരെ) - 11,24,584 രണ്ടാം തരംഗം (01/04/2021 മുതൽ 31/12/2021 വരെ) - 41,22,593 മൂന്നാം തരംഗം (01/01/2022 മുതൽ 14/02/2022 വരെ) - 11,69,195 ആരോഗ്യ പ്രവർത്തകർ, മുന്നണി പ്രവർത്തകർ (FLW), 60 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ അനുബന്ധ രോഗമുള്ളവർ എന്നിവരിൽ രണ്ടാമത്തെ ഡോസ് വാക്സിൻ ലഭിച്ച് 9 മാസം കഴിഞ്ഞവർക്ക് കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മുൻകരുതൽ ഡോസ് നൽകി വരുന്നു. |
| (ഇ) | മൂന്നാം ഡോസ് നല്കുന്നതുവഴി അവർക്ക് ശാസ്ത്രീയമായി എന്തെല്ലാം ഗുണഫലങ്ങളുണ്ട്; | (ഇ) | ശക്തമായ മുൻകരുതൽ എന്ന നിലയിലാണ് മൂന്നാം ഡോസ് നൽകി വരുന്നത്. അതുവഴി രോഗം |

| | | | |
|---|---|---|---|
| | വിശദാംശം ലഭ്യമാക്കുമോ? | | വരാനുള്ള സാധ്യത കുറയുകയും രോഗം ഗുരുതരമാകാനുള്ള സാധ്യത കുറയുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| Sl.No | Vaccine | Price per dose as declared by manufacturer (Rs.) * | GST @5% (Rs.) | Maximum Service charge per dose inclusive of all taxes (Rs.) | Maximum price that can be charged by the private CVCs (Rs.) |
|---|---|---|---|---|---|
| 1 | COVISHIELD | 600 | 30 | 150 | 780 |
| 2 | COVAXINE | 1200 | 60 | 150 | 1410 |
| 3 | SPUTNIK V | 948 | 47 | 150 | 1145 |

അനുബന്ധം-2

## വാക്സിനുകൾ നൽകിയതിന്റെ വിശദാംശം (20.02.2022 വരെ)

| വാക്സിനുകൾ | ഒന്നാം ഡോസ് | രണ്ടാം ഡോസ് | പ്രികോഷൻ ഡോസ് (Precaution Dose) | മൊത്തം ഡോസ് |
|---|---|---|---|---|
| കോവിഷീൽഡ് | 24267867 | 20802816 | 846431 | 45917114 |
| കോവാക്സിൻ | 3748408 | 2472859 | 32232 | 6253499 |
| സ്പുട്നിക് | 36686 | 35357 | 0 | 72043 |
| **ആകെ** | **28052961** | **23311032** | **878663** | **52242656** |

## രണ്ടാം ഡോസ് വാകിസിൻ എടുക്കാനുള്ളവർ

| | |
|---|---|
| കോവിഷീൽഡ് | 3465051 |
| കോവാക്സിൻ | 1275549 |
| സ്പുട്നിക് | 1329 |
| **ആകെ** | **4741929** |

**അനുബന്ധം-3**

(20.02.2022 വരെയുള്ള കണക്ക് )

| | 18 വയസ്സിന് മുകളിലുള്ളവർ | | 15 നും 17 നും ഇടയിൽ പ്രായമുള്ളവർ |
|---|---|---|---|
| | **ഡോസ് 1** | **ഡോസ് 2** | **ഡോസ് 1** |
| കേരളം | 101% | 86% | 76% |
| ഇന്ത്യ | 93% | 77% | 72% |